## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5827

27-10-2011 ൽ മറുപടിയ്ക്ക്

## കർഷകരുടെ വൈദ്യുതി കണക്ഷൻ

**ചോദ്യം**
ശ്രീ.റ്റി.യു.കുരുവിള
ശ്രീ. മോൻസ് ജോസഫ്

**മറുപടി**
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ കഴിയാത്തതിനാൽ കർഷകർക്ക് നൽകി വരുന്ന വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെടുന്നതു കാരണം ബുദ്ധിമുട്ടനുഭവിക്കുന്നതായി പറയപ്പെടുന്ന കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വൈദ്യുതി ബിൽ യഥാസമയം അടയ്ക്കാത്തതുമൂലം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. കാർഷിക മേഖലയിലെ വൈദ്യുതി ഇളവു ലഭിക്കുന്ന കർഷകരുടെ ബിൽ അടയ്ക്കുന്നതിനാവശ്യമായ തുക അതതു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. ബഡ്ജറ്റ് വിഹിതം തികയാതെ വരുന്ന സന്ദർഭത്തിൽ എസ്.ഡി.ജി മുഖേനയും മറ്റും തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. കാർഷിക സൗജന്യ വൈദ്യുതി കുടിശ്ശിക തുക മൊത്തമായി കെ.എസ്.ഇ.ബി.യിൽ അടക്കുന്നതിന് ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. കണക്ഷൻ വിച്ഛേദിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അതു പരിഹരിക്കുന്നു.

സെക്ഷൻ ഓഫീസർ